എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 08 | 2024 ആഗസ്റ്റ് 05

# റസിഡൻസ് അസോസിയേഷനുകൾക്കായി ഊർജ്ജസംരക്ഷണാവബോധ പരിശീലനം

ഫെഡറേഷൻ ഓഫ് റസിഡൻസ് അസോസിയേഷൻ ഓഫ് ട്രിവാൻഡ്രവുമായി (FRAT) ചേർന്ന് ഇ.എം.സി. സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണാവബോധ പരിപാടിയുടെ ഉദ്ഘാടനം ജൂലൈ 27 ന് ഇ.എം.സി. ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ബഹു. വൈദ്യുതി വകുപ്പുമന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈൻ വഴി പരിപാടിയുടെ ഉദ്ഘാടനകർമം നിർവഹിച്ചു. ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ ആമുഖപ്രഭാഷണം നടത്തുകയും ഫ്രാറ്റ് പ്രസിഡന്റ് എൻ. രഘുവരൻ ആശംസകൾ അർപ്പിക്കുകയും ചെയ്തു. പരിപാടിയിൽ ഫ്രാറ്റ് സെക്രട്ടറി ആർ. ശരത് ചന്ദ്രൻ നായർ സംസാരിച്ചു. ഇ.എം.സി ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു. എനർജി ടെക്നോളജിസ്റ്റ് രാജീവ് കെ. ആർ. ഊർജ്ജസംരക്ഷണ അവബോധ ക്ലാസ്സിന് നേതൃത്വം നൽകി.



വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി വീഡിയോ സന്ദേശത്തിലൂടെ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം നഗരത്തിലെ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് നഗരത്തിലെ മുഴുവൻ വീടുകളിലും ഊർജ്ജസംരക്ഷണ സന്ദേശമെത്തിക്കാനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

ഊർജ്ജവിനിയോഗം കൂടുതലുള്ള നഗരപ്രദേശങ്ങളിലെ ജനങ്ങളെ ഊർജ്ജസംരക്ഷണാവബോധമുള്ളവരാക്കി മാറ്റാനാണ് ഇ.എം.സി ലക്ഷ്യംവെക്കുന്നത്. നഗരത്തിലെ റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് വിപുലമായ ഊർജ്ജസംരക്ഷണ പരിപാടികളാണ് ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്നത്. ആദ്യ ഘട്ടത്തിൽ വിവിധ അസോസിയേഷനുകളിലെ തിരഞ്ഞെടുത്ത പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലന ക്ലാസ്സുകളാണ് സംഘടിപ്പിക്കുന്നത്.



## Workshop on De-carbonization India

On July 10, 2024, a workshop took place at Renai Hotel Cochin, organized by SEEM and ASAR with the support of EMC. The workshop was organised as part of the De-carbonization India Alliance (DIA) initiative to promote India's 2070 carbon neutrality goal. Cochin Mayor Adv. M. Anil Kumar inaugurated the workshop, with discussions led by DIA National Coordinator Bibek Roy and ASAR CEO Vinutha Gopal. EMC Director Dr. R. Harikumar attended as the chief guest. A technical exhibition was also held.

The event, part of a 10-city series, featured a morning session for technical experts and an evening session for institutional leaders.



# ഉണർവ്വ് സന്ദർശന പരിപാടി പുരോഗമിക്കുന്നു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഇ.എം.സി സംഘടിപ്പിക്കുന്ന ഊർജ സംരക്ഷണാവബോധ പരിപാടിയായ "ഉണർവ്വ് 2.0" പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിന്റെ തുടക്കത്തിൽ തന്നെ നിരവധി സ്കൂളുകളാണ് പരിപാടിക്കായി രജിസ്റ്റർ ചെയ്തത്. തിരുവനന്തപുരം ജില്ലയെ കൂടാതെ രണ്ടാംഘട്ടത്തിൽ കേരളത്തിന്റെ തെക്കൻ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും ഉണർവ്വ് പരിപാടിക്കായി ഇ.എം.സിയിലെത്തുന്നുണ്ട്. ഉണർവ്വ് രണ്ടാംഘട്ട പരിപാടിയുടെ ഉദ്ഘാടനം 2024 ജൂൺ 28ന് ബഹു. വൈദ്യുതിവകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചിരുന്നു.

ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ. എൻ., രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഊർജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റ് സന്ദീപ് കെ. എന്നിവർ വിവിധ ദിവസങ്ങളിലെ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റുമാരായ അനൂപ് സുരേന്ദ്രൻ, രാജീവ് കെ.ആർ., പ്രോജക്റ്റ് എഞ്ചിനീയർമാരായ നിത്യ ബി., നീനു മറിയം തുടങ്ങിയവർ വിദ്യാർത്ഥികൾക്ക് ഊർജസംരക്ഷണത്തെക്കുറിച്ച് ക്ലാസ്സുകളെടുത്തു. ജൂലൈ മാസത്തിൽ 23 സ്കൂളുകളിൽ നിന്നായി 1195 വിദ്യാർത്ഥികളും അധ്യാപകരുമാണ് ഇ.എം.സി സന്ദർശിച്ചത്. ഉണർവ്വ് പരിപാടിയുടെ കൺവീനറും ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസറുമായ സിന്ധു എസ്. കുമാർ, കോർഡിനേറ്റർ എം. മെഹബൂബ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

# സ്റ്റാന്റേർഡ്സ് ആന്റ് ലേബലിംഗ്; പരിശീലനങ്ങൾ

ബി.ഇ.ഇ. സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിംഗ് പ്രോഗ്രാമിന്റെ നിയമവശങ്ങളെയും ഗുണമേന്മകളെയും കുറിച്ച് വ്യാപാരികളെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കുന്നതിനു വേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ 'സ്റ്റാൻഡേർഡ്സ് ആന്റ് ലേബലിംഗ്' എന്ന വിഷയത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഊർജ്ജസംരക്ഷണ നിയമത്തിലെ 14 (d) വകുപ്പ് പ്രകാരം ഊർജ്ജോപയോഗം കൂടുതലുള്ളതും പൊതുജനം കൂടുതൽ സമയം ഉപയോഗിക്കുന്നതുമായ വൈദ്യുതോപകരണങ്ങളും മറ്റു ഊർജ്ജോപയോഗ ഉപകരണങ്ങളും കണ്ടെത്തി, അവയ്ക്ക് മുൻഗണനാക്രമത്തിൽ സ്റ്റാന്റേർഡ്സും കാര്യക്ഷമതാ ലേബലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾക്ക് അവയുടെ ഊർജ്ജകാര്യക്ഷമതയനുസരിച്ചാണ് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്റ്റാർ ലേബലിംഗ് നൽകുന്നത്.

ഇ.എം.സി ഊർജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) അക്രഡിറ്റഡ് എനർജി ഓഡിറ്റർമാരായ സുരേഷ് ബാബു ബി. വി., ഷാനവാസ് കെ. എം., സന്തോഷ് എ., സർട്ടിഫൈഡ് എനർജി ഓഡിറ്റർമാരായ ജോർജ്ജ് വർഗ്ഗീസ്, അശോക് കെ.എം.പി. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇ.എം.സി എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ, ഒട്ടോടാക്ഷൻസ്, പ്രുഡന്റ് എനർജി, അതുൽ എനർജി കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടെയാണ് പരിശീലനങ്ങൾ സംഘടിപ്പിച്ചത്.

2024 ജൂലൈ മാസത്തിൽ വിദ്യാർത്ഥികൾക്കായുള്ള ഒരു പരിശീലനവും റീട്ടെയിലർമാർക്കായുള്ള ആറ് പരിശീലനങ്ങളും നടന്നു.

## എനർജി കൺസർവേഷൻ സൊസൈറ്റി സ്ഥാപിതദിനം




എനർജി കൺസർവേഷൻ സൊസൈറ്റിയുടെ സ്ഥാപിതദിനം ആചരിച്ചു. ജൂലൈ 8ന് തിരുവനന്തപുരം പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന ചടങ്ങ് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. സൊസൈറ്റിയുടെ പ്രസിഡന്റ് ഡോ. കെ. സോമൻ അധ്യക്ഷനായി. മുൻ പ്രസിഡന്റ് ഡോ. ജി. പവിത്രൻ, തിരുവനന്തപുരം എൻജിനിയറിങ് കോളേജ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ ഡോ. എൻ. ശശി, തിരുവനന്തപുരം ചാപ്റ്റർ ചെയർമാൻ ഡോ. ബി. ജി. ശ്രീദേവി, സെക്രട്ടറി ഡോ. വൈ. ജോൺസൺ എന്നിവർ സംസാരിച്ചു.

## IoT അധിഷ്ഠിത കാട്ടാക്കട മണ്ഡലം

### ഡാറ്റാ വിശകലന പഠനവും ചർച്ചയും

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച IoT ഉപകരണങ്ങളുടെ പ്രവർത്തന വിലയിരുത്തലും ഡാറ്റാ വിശകലത്തിനുള്ള ഭാവി സാധ്യതകൾ ആരായുന്നതിനുമായി മുംബൈ ഐ.ഐ.ടി.യുടെയും ICFOSS-ന്റെ മേൽനോട്ടത്തിൽ റൗണ്ട് ടേബിൾ ചർച്ച സംഘടിപ്പിച്ചു. കൃഷി, ജലവിഭവം, ദുരന്ത നിവാരണവും പരിസ്ഥിതിയും എന്നീ 3 ഗ്രൂപ്പുകളായിട്ടാണ് ചർച്ച നടന്നത്. ഇ.എം.സിയെ പ്രതിനിതീകരിച്ച് എനർജി ടെക്നോളജിസ്റ്റ് ശരത് കൃഷ്ണൻ ചർച്ചയിൽ പങ്കെടുത്തു.

രാജ്യത്തിനാകെ അഭിമാനവും അനുകരണീയവുമായ ഈ പദ്ധതിക്ക് ഡോ. പെന്നൻ ചിന്നസ്വാമിയുടെ നേതൃത്വത്തിലുള്ള മുംബൈ ഐ.ഐ.ടി സംഘം എല്ലാ സഹായവും ഉറപ്പ നൽകി. ഐ.ഐ.ടിയി Ph.D, MTech വിദ്യാർത്ഥികൾ കാട്ടാക്കട മണ്ഡലത്തിലെ 6 ഗ്രാമ പഞ്ചായത്തുകളിലും പഠനം നടത്തി വിശദമായ പദ്ധതിക്ക് രൂപം നൽകുന്നതാണ്.

# EMC Signed Agreement with CESL



EMC Director exchanges agreement with CESL in presence of Shri. K. Krishnankutty, Hon'ble Minister for Electricity

EMC has spearheaded a groundbreaking initiative to empower women and promote sustainable mobility in Kerala. Previously partnering with Energy Efficiency Services Limited (EESL), EMC conducted a pilot project in Manickal Panchayat to assess the feasibility of providing electric cargo cycles to Self Help Group (SHG) women. The successful pilot, aligned with the Navakeralam Net Zero mission, led to a project proposal submitted to the Union Government and various funding agencies.

Building on this success, Convergence Energy Services Limited (CESL) & EMC has secured funding from the Asian Development Bank, in consultation with Ministry of Rural Development, to expand the electric bicycle initiative to multiple states, including Kerala. This pilot project aims to distribute 800 subsidized electric bicycles to SHG women, improving their livelihoods, creating job opportunities, addressing mobility challenges, and promoting eco-friendly transportation.

A landmark agreement was signed between EMC and CESL on July 25th, 2024, in the presence of the Hon'ble Minister for Electricity, marking Kerala as the first state to implement a mass e-mobility project focused on women's empowerment in rural areas. This initiative is a significant step towards a greener and more equitable future.

# Conference on Pumped Storage Hydro Power Plant



Pumped storage hydro power plants (PSP) play a pivotal role in modern energy systems, offering efficient energy storage solutions vital for the integration of renewable energy sources and the stability of power grids. The Central Board of Irrigation and Power (CBIP) and The Committee for International Commission on Large Dams (INCOLD) with support of Central Electricity Authority (CEA) organised a conference on Pumped Storage Plant on 25th and 26th July 2024 at Pradhan Mantri Sanghralaya, Teen Murti, New Delhi. This conference served as a platform for professionals, researchers, and enthusiasts to delve into the multifaceted aspects of pump storage technology. Through engaging discussions, presentations, and conference, delegates aimed to explore the latest advancements, challenges, and best practices in PSP technology, with a special focus on the guidelines for preparation of Detailed Project Reports (DPRs). Dinesh Kumar A. N., Joint Director, EMC, officials from KSEBL and KSERC contributed in the conference.

# Stakeholders Meeting on National Small Hydropower Policy

Stakeholder Consultation Meeting on National Small Hydropower Policy was held on July 12, 2024 at Shimla, Himachal Pradesh. The meeting was organized under the leadership of the Ministry of New and Renewable Energy (MNRE), Government of India to discuss the draft "National Small Hydropower Policy". MNRE Secretary Bhupinder Singh Bhalla presided over the function. Joint Director Dinesh Kumar A. N. represented Kerala State in the meeting. The purpose of the meeting was to gather feedback and insights from various stakeholders on the draft framework prepared by MNRE for the SHP policy. The National SHP Policy is anticipated to be finalized soon, following the consideration of feedback from industry stakeholders, developers, and state representatives.



# ബിൽഡിംഗ് എനർജി എഫിഷ്യൻസി എക്സപെർട്ട് പരിശീലനം

ഇ.എം.സിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബിൽഡിംഗ് എനർജി എഫിഷ്യൻസി എക്സ്പെർട്ട് എംപാനൽമെന്റിന്റെ ഭാഗമായുള്ള പരിശീലനം സംഘടിപ്പിച്ചു. ജൂലൈ 19, 20 തീയതികളിൽ ഇ.എം.സിയിൽ വെച്ചാണ് പരിശീലനം നടന്നത്. തുടർന്ന് ജൂലൈ 23,24, 28 തീയതികളിൽ ഓൺലൈൻ പരിശീലനവും നടന്നു. ആർക്കിടെക്റ്റുകളായ യോഗേഷ് കർണപൂഷണം, ആഷിക സുൽത്താന എന്നിവർ നേതൃത്വം നൽകുന്ന പരിശീലന പരിപാടിയിൽ 34 പ്രൊഫഷണലുകൾ പങ്കെടുത്തു.

കെട്ടിട മേഖലയിൽ ഊർജ്ജകാര്യക്ഷമതയുടെയും ഊർജ്ജസംരക്ഷണത്തിന്റെയും ആശയങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി ഇ.എം.സി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്ക് ആവശ്യമായ പരിശീലനം നൽകി യോഗ്യരായവരെ എംപാനൽ ചെയ്ത് വരികയാണ്. ഇതിന്റെ ഭാഗമായി 36 ബിൽഡിങ് എനർജി എഫിഷ്യൻസി എക്സ്പെർട്സ് (BEEE)–നെയും 157 ബിൽഡിങ് എനർജി സിമുലേഷൻ എക്സ്പെർട്സ് (BESE)–നെയും ഇഎംസി ഇതുവരെ എംപാനൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള കേരള എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് റൂൾസ് –2017 ന അനുസൃതമായി കെട്ടിടങ്ങൾ രൂപകല്പ്പന ചെയ്യുന്നതിന് ഇവരുടെ സേവനം ലഭ്യമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ കേരള എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് റൂൾസുമായി ബന്ധപ്പെട്ട ഫോമുകൾ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്നതിനും ബിൽഡിങ് എനർജി എഫിഷ്യൻസി എക്സ്പേർട്സ് (BEEE) ന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.



## ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി കാറ് കൈമാറി

ഗവ: ആര്യനാട് ഐ.ടി.ഐയിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഇ.എം.സി ഡയറക്ടർ വാഹനം കൈമാറി. നേരത്തെ, ഐ.ടി.ഐ.യിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി എനർജി മാനേജ്മെന്റ് സെന്ററിനോട് ഒരു വാഹനം നൽകണമെന്ന് ആവശ്യം മുന്നോട്ടുവച്ചിരുന്നു. ഈ ആവശ്യം മനസിലാക്കി ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ തന്റെ സ്വന്തം വാഹനമായ മാരുതി 800 ഗവ: ഐ.ടി.ഐ ആര്യനാടിലെ വിദ്യാർത്ഥികൾക്ക് നൽകാൻ തീരുമാനിച്ചു. ജൂലൈ 29ന് ഇ.എം.സി അങ്കണത്തിൽ വെച്ച് നടന്ന ലളിതമായ ചടങ്ങിൽ ഡോ. ആർ ഹരികുമാർ ഗവ: ഐ.ടി.ഐ ആര്യനാട്ടിലെ പ്രിൻസിപ്പാൾ സി. വി. അജയഘോഷിന് വാഹനത്തിന്റെ താക്കോൽ കൈമാറി.

### ഊർജ്ജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...

**ഊർജ്ജ സെൽഫി**

ഊർജ്ജസംരക്ഷണം മുൻനിർത്തി
വീടുകളിലോ സ്ഥാപനങ്ങളിലോ
നടപ്പാക്കിയിട്ടുള്ള ഊർജ്ജസംരക്ഷണ
പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലുള്ള
സെൽഫിയും ചെയ്ത പ്രവർത്തനത്തെകുറിച്ചുള്ള
ഒരടിക്കുറിപ്പും 2024 സെപ്റ്റംബർ 15 ന് മുമ്പായി
emck@keralaenergy.gov.in
എന്ന മെയിലിലേക്ക് അയയ്ക്കൂ.
ആകർഷകമായ സമ്മാനങ്ങൾ നേടൂ...



**ആകർഷകമായ സമ്മാനങ്ങൾ നേടൂ**

*തിരഞ്ഞെടുക്കപ്പെടുന്ന പെയിന്റിംഗുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്

ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256